പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4916 26.06.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കുന്ന പദ്ധതികൾ

ചോദ്യം

ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യെ ലാഭകരമാക്കുന്നതിന്റെ ഭാഗമായി ദീർഘദൂര ബസ്സുകളിൽ കണ്ടക്ടർമാരെ ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | ദീർഘദൂര യാത്രകളിൽ സിംഗിൾ ഡ്യൂട്ടി കഴിയുമ്പോൾ ഡ്രൈവർമാർക്ക് വിശ്രമിക്കുവാൻ എന്തെങ്കിലും സംവിധാനം ഒരുക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി വിശ്രമകേന്ദ്രങ്ങൾ വാടകയ്ക്ക് എടുക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) | ദീർഘദൂര സർവ്വീസുകളിൽ ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് വിശ്രമിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. തുടർച്ചയായി വാഹനം ഓടിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി ഡ്രൈവർ കം കണ്ടക്ടർ സംവിധാനവും, ഡ്രൈവർ ചെയ്ഞ്ച് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഡ്യൂട്ടി സമയം തീരുന്ന ജീവനക്കാർക്ക് മതിയായ വിശ്രമം ലഭിക്കുന്നതിന് എല്ലാ പ്രധാന ഡിപ്പോകളിലും വിശ്രമമുറികളും സൗകര്യവും ഒരുക്കിയിട്ടുണ്ട്. ടി സാഹചര്യത്തിൽ നിലവിൽ വിശ്രമകേന്ദ്രങ്ങൾ പുതുതായി വാടകയ്ക്ക് എടുക്കുന്ന കാര്യം പരിഗണിക്കേണ്ടതില്ല. |
| (സി) | കെ.എസ്.ആർ.ടി.സി. സ്വന്തമായി ബസ്സുകൾ വാങ്ങുന്ന രീതി അവസാനിപ്പിക്കുന്നതിനും വാടകയ്ക്ക് ബസ്സെടുത്ത് | (സി) | കെ.എസ്.ആർ.ടി.സി. സ്വന്തമായി ബസ്സുകൾ വാങ്ങുന്ന രീതി പൂർണ്ണമായും അവസാനിപ്പിച്ചിട്ടില്ല. എന്നാൽ കടുത്ത |

| | | | |
|---|---|---|---|
| | ഓടിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടോ; ഈ നടപടിയിലൂടെ സ്ഥിരം ഡ്രൈവർമാരുടെ എണ്ണം കുറയ്ക്കുവാനും വരുമാനം വർദ്ധിപ്പിക്കുവാനും സാധിക്കുമോയെന്ന് വ്യക്തമാക്കാമോ; | | സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നതിനാൽ പ്രതികിലോമീറ്റർ വ്യവസ്ഥയിൽ വെറ്റ് ലീസ് മാതൃകയിൽ ബസുകൾ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ട്. വാടകയ്ക്ക് എടുക്കുമ്പോൾ ഡ്രൈവർമാരെ ലീസ് കമ്പനി നൽകുന്നതിനാൽ കെ.എസ്.ആർ.ടി.സി.യിൽ ഡ്രൈവർമാരുടെ എണ്ണം കുറയുന്നതിന് സഹായകമാകും. പ്രസ്തുത നടപടിയിലൂടെ അധികമായി ലഭ്യമാകുന്ന ഡ്രൈവർ വിഭാഗം ജീവനക്കാരെ ഉപയോഗിച്ച് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിനും, അതുവഴി വരുമാനം വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. |
| (ഡി) | ഷാസികൾ വാങ്ങി ബോഡി നിർമ്മിച്ച് ബസ്സ് നിരത്തിലിറക്കുന്ന പദ്ധതി ഉപേക്ഷിക്കുവാൻ കെ.എസ്.ആർ.ടി.സി. തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തീരുമാനം കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കാൻ സഹായിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ഇല്ല.<br>കെ.എസ്.ആർ.ടി.സി. സ്വന്തമായി ബസ്സുകൾ വാങ്ങുന്ന രീതി പൂർണ്ണമായും അവസാനിപ്പിച്ചിട്ടില്ല. എന്നാൽ കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നതിനാൽ പ്രതികിലോമീറ്റർ വ്യവസ്ഥയിൽ വെറ്റ് ലീസ് മാതൃകയിൽ ബസുകൾ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ട്. വാടകയ്ക്ക് എടുക്കുമ്പോൾ ഡ്രൈവർമാരെയും മെയിന്റനൻസും ഇന്ധനം ഒഴികെയുള്ള ചെലവുകളും ലീസ് കമ്പനി വഹിക്കുന്നതിനാലും കെ.എസ്.ആർ.ടി.സി. പ്രതികിലോമീറ്ററിന് ഉള്ള തുകയും ഇന്ധന ചെലവും കണ്ടക്ടറെയും നൽകിയാൽ മതിയാകും. |

**സെക്ഷൻ ഓഫീസർ**